ടുത്തുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 141 ലക്ഷം രൂപയാണ് ഈ പദ്ധതിക്കുവേണ്ടി വകകൊള്ളിച്ചിരുന്നത്. ആ പണം തീർന്നിട്ട്, ഏതാണ്ട് ഒരുകോടിരൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കാനുണ്ട്. ഈ വർഷം അനുവദിക്കുന്ന 160 ലക്ഷം രൂപയിൽ 60 ലക്ഷം രൂപ ശമ്പളം കൊടുത്തിട്ട്, ഒരു കോടി രൂപ ഇപ്പോഴുള്ള ബില്ലുകൾക്ക് കൊടുക്കാൻ മാത്രമേ തികയുകയുള്ളു. അതുകൊണ്ട് അടുത്ത വർഷത്തെ പണികൾ നിറുത്തലാക്കി കോൺട്രാക്ടർമാർ സ്ഥലം വിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ മുവാറ്റുപുഴ വാലി ജലസേചനപദ്ധതി മുമ്പോട്ട് കൊണ്ടുപോകുവാൻ— 7-ാം പദ്ധതിയിൽ അത് ഭാഗികമായി കമ്മിഷൻ ചെയ്യുമെന്ന് നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ട്. കൂടുതൽ തുക അലോട്ട് ചെയ്യണം. അല്ലെങ്കിൽ കോൺട്രാക്ടർമാർ പണി ഉപേക്ഷിച്ചു പോകുന്ന നിലയിലേക്ക് വരും. അതുകൊണ്ട് എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ കാർഷികമേഖലയുടെ പുരോഗതിക്കുവേണ്ടിയുള്ള മുവാറ്റുപുഴവാലി പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുവാറ്റുപുഴവാലി പദ്ധതിക്ക് ബഡ്ജറ്റിൽ കൊള്ളിച്ച സംഖ്യയെക്കാൾ കൂടുതൽ തുക പിന്നീട് റി അഡ്ജസ്റ്റ് ചെയ്തു. 190 ലക്ഷം രൂപ 1985-86-ൽ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രൊവിഷൻ വരുന്നതോടുകൂടി ആ തുകയ്ക്കുള്ള പണികൾ തുടർന്ന് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

(27) കണ്ണൂരിലെ ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി സ്കൂൾ അടച്ചുപൂട്ടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, വിദ്യാഭ്യാസമന്ത്രിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുകയാണ്. കണ്ണൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് 116 വർഷമായി പ്രവർത്തിച്ചുവരുന്ന ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചതായി അറിയുന്നു. അവിടെ 300 കുട്ടികളുണ്ട്. 13 അദ്ധ്യാപകർ അവിടെ ജോലിചെയ്യുന്നു. ഏറ്റവും ക്രൂരവും ദാരുണവുമായ ഒരു നടപടിയാണിതെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിരവധി പണ്ഡിതൻമാർക്കും, സാഹിത്യകാരൻമാർക്കും എഞ്ചിനീയർമാർക്കും ഡോക്ടർമാർക്കും ബാലപാഠം നൽകിയ മാതൃകാ വിദ്യാലയമായ ദൈവത്താർകണ്ടി സ്കൂൾ ഒരു ചെറിയ വാടക കെട്ടിടത്തിലാണ് അവിടെ പ്രവർത്തിക്കുന്നത്. അത് മനോഹരമായ ഒരു കെട്ടിടമാണ്. പത്രത്തിൽ വന്ന ഫോട്ടോ കൂടി ഞാൻ കാണിക്കുകയാണ് (ഫോട്ടോ ഉയർത്തി കാണിച്ചു) മനോഹരമായ ആ കെട്ടിടമാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിരിക്കുന്നത്. ക്രിയാത്മകമായ ഒരു പി. ടി. എ. അവിടെ പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ സംരക്ഷണ സമിതിയെന്ന പേരിൽ ഒരു സംഘടനയും അവിടെ പ്രവർത്തിക്കുന്നുണ്ട്. ഞാൻ അതിന്റെ രക്ഷാധികാരിയാണ്. ഇതിനെ സംബന്ധിച്ചുള്ള നിവേദനം വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നിരവധി തവണ സമർപ്പിച്ചിരുന്നിതാണ്. അടിയന്തിരമായി ഇതിനെക്കുറിച്ച് പുനഃപരിശോധന നടത്തി ദൈവത്താർകണ്ടി യു. പി. സ്കൂളിനെ അവിടെത്തന്നെ നിലനിറുത്താനുള്ള ഒരു സമീപനമുണ്ടാകണമെന്ന് വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, മൈവത്താർകണ്ടി സ്കൂളിന്റെ കാര്യത്തെ സംബന്ധിച്ച് 28-1-1986-ൽ അവിടത്തെ പി. ടി. എ പ്രസിഡന്റും ബഹുമാനപ്പെട്ട എം. എൽ. എ. യുമൊക്കെയായി ഞാൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ സെക്രട്ടറിതന്നെ ഇക്കാര്യത്തെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയെത്തുടർന്ന് ഇങ്ങനെയൊരു തീരുമാനമെടുത്തിരിക്കുന്നു എന്ന വിവരം ബഹുമാനപ്പെട്ട മെമ്പർ തന്നെയാണ് എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അവിടെ 20 സെന്റ് സ്ഥലത്താണ് ഈ സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ സ്കൂൾ ഇരിക്കുന്ന വാടകകെട്ടിടം ഉൾപ്പെടെയുള്ള സ്ഥലം 20 സെന്റാണ്. സ്വന്തമായിട്ട് സ്ഥലമോ, കെട്ടിടമോയില്ലാത്ത ഒരു സ്കൂളാണത്. അതിനോടടുത്ത് തന്നെ, ഏകദേശം $\frac{1}{2}$ കിലോമീറ്ററിനുള്ളിലാണ് ഇപ്പോഴത്തെ കൃഷ്ണംബസാൻ സ്കൂൾ സ്ഥിതിചെയ്യുന്നത്. അതുപോലെ ടൗൺ ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നതും അര കിലോമീറ്ററിനുള്ളിലാണ്. ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത് മൈവത്താർകണ്ടി സ്കൂളിലുള്ള എൽ. പി. വിഭാഗം കൃഷ്ണംബസാൻ സ്കൂളിനോടു ബന്ധപ്പെടുത്താനും യു. പി. വിഭാഗം കണ്ണൂർ ടൗൺ ഗവൺമെന്റ് സ്കൂളിനോട് ബന്ധപ്പെടുത്താനുമാണ്. ഈ തീരുമാനമെടുത്തത് 28-1-1986-ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട എം. എൽ. എ. യും അതിൽ പങ്കെടുത്തിരുന്നു. ആ തീരുമാനം 19-2-1986-ൽ ബഹുമാനപ്പെട്ട എം. എൽ. എ.യെ രേഖാമൂലം അറിയിക്കുകയും ചെയ്തു. 20 സെന്റ് സ്ഥലം വെച്ചുകൊണ്ട് ഒരു സ്കൂൾ നടത്താൻ കഴിയുകയില്ല. ഒരു വാടക കെട്ടിടത്തിൽ നടത്തുന്ന സ്കൂളാണിത്. അതുകൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുത്തത് ആ സ്കൂൾ നിറുത്താനല്ല. ആ സ്കൂൾ അടുത്തുതന്നെയുള്ള സ്കൂളുകളുമായി ബന്ധപ്പെടുത്തികൊണ്ടുപോകാനുള്ള തീരുമാനമെടുക്കുകയാണ് ചെയ്തത്.

(28) ആലപ്പുഴ ജില്ലയെ വരൾച്ചയിൽ നിന്നും രക്ഷിക്കുന്നതിനുള്ള നടപടികൾ

ശ്രീ. വി. ദിനകരൻ : സർ, ആലപ്പുഴ ജില്ല വരൾച്ചയുടെ പിടിയിൽ അമർന്നിരിക്കുകയാണ്. തൊട്ടടുത്ത അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകളിൽ ശുദ്ധജലദൗർലഭ്യംമൂലം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കഴിഞ്ഞ വർഷം ഇതേ സമയത്ത് അവിടെ 32 ഡിഗ്രി സെൽഷ്യസ് ഗ്രേഡ് ചൂടേ അനുഭവപ്പെട്ടിരുന്നുള്ളൂ. ഇപ്പോൾ 35 ഡിഗ്രി സെൽഷ്യസ് ഗ്രേഡായി വർദ്ധിച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. ആലപ്പുഴയിലെ കാർഷിക മേഖലയിലെ കൃഷിയാകെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിൽ, പ്രത്യേകിച്ച് അമ്പലപ്പുഴ, കുട്ടനാട് പേർത്തല, കാർത്തികപ്പള്ളി തുടങ്ങിയ താലൂക്കുകളെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണം. ശുദ്ധജലം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിൽ ദിനപരിപാടി ആസൂത്രണം ചെയ്യണം. കരിനിലകൃഷിക്കാർ സഹകരണസ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയ വായ്പ തിരിച്ചടയ്ക്കാനുള്ള തീയതി ഇന്നാണ്. നാളെമുതൽ അവരുടെ എല്ലാ ഉപകരണങ്ങളും എടുത്തുകൊണ്ടുപോകുന്ന നടപടി സ്വീകരിക്കാൻ പോവുകയാണ്. അത് 6 മാസത്തേക്കുകൂടി നീട്ടിക്കൊടുത്തുകൊണ്ട് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly